# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1298 — 20.03.2012-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരമേഖലയുടെ വികസനം

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ. റ്റി. യു. കുരുവിള | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ടൂറിസത്തിന്റെ വികസനത്തിനും വൈവിധ്യവത്ക്കരണത്തിനും കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. എന്നിരുന്നാലും സുപ്രധാന ടൂറിസം കേന്ദ്രത്തിലേക്കുള്ള റോഡ് എന്ന രീതിയിൽ ടൂറിസം വകുപ്പ് ടി സ്ഥാപനങ്ങൾ വഴി റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം ഇപ്പോൾ ഇത്തരം റോഡ് വികസന പദ്ധതികൾ ടൂറിസം വകുപ്പ് ഏറ്റെടുക്കാറില്ല. |
| (സി) സംസ്ഥാനത്ത് അഡ്വെഞ്ചർ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് എന്ന് വിശദമാക്കാമോ ? | (സി) മൂന്നാർ, വാഗമൺ എന്നീ സ്ഥലങ്ങളിൽ അഡ്വെഞ്ചർ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്തെ ടൂറിസം വികസനത്തിന്റെ ഭാഗമായി കെ.ടി.ഡി.സി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1. ഇന്ത്യയിലെ ആദ്യത്തെ ഇന്റർ നാഷണൽ മറീന കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിന്റെ കിഴക്ക് 'ബോൾഗാട്ടി പാലസിന്റെ' സമീപത്തായി കെ.ടി.ഡി.സിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. കൊച്ചി മറീനയിൽ അന്തർദേശീയ ലക്ഷ്വറി യാനങ്ങൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണുള്ളത്. ഒരേ സമയം 34 യാനങ്ങൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. യാനങ്ങൾ സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനൊപ്പം അതിലെ മാലിന്യം നീക്കം ചെയ്യുക, ശുദ്ധജലം, വൈദ്യുതി എന്നിവ നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക എന്നീ സൗകര്യങ്ങളാണ് കൊച്ചിയിലെ മറീനയിലുള്ളത്. ഇതിനോടനുബന്ധമായി 24 മുറികളുള്ള 'മറീനാ ഹൗസ്' എന്ന ഹോട്ടൽ യാനങ്ങളിൽ വരുന്ന സഞ്ചാരികൾക്ക് താമസിക്കാനും അവിടുത്തെ ഹെൽത്ത് ക്ലബ്ബ്, റിക്രിയേഷൻ ക്ലബ്ബ്, ഗോൾഫ് കോഴ്സ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്.

2. കുമരകത്ത് കെ.ടി.ഡി.സി ഹോട്ടലായ 'വാട്ടർ സ്കെയ്പ്സിന്' സമീപത്തായി കെ.ടി.ഡി.സിയുടെ നേതൃത്വത്തിൽ ഒരു പക്ഷി സങ്കേതമുണ്ട്. സഞ്ചാരികൾക്ക് പക്ഷികളെയും മറ്റ് ജീവജാലങ്ങളെയും അവയുടെ തനതായ ആവാസ വ്യവസ്ഥയിൽ മനസ്സിലാക്കാൻ ഉതകുന്ന രീതിയിലാണ് ഇവ പ്രവർത്തിച്ചു വരുന്നത്. ഇവിടെ പക്ഷികളെക്കുറിച്ചുള്ള വീഡിയോ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയ സൗകര്യങ്ങളോടെയുള്ള ഒരു വിവരണ കേന്ദ്രവും (Bird Interpretation centre) പക്ഷികളെ അടുത്തറിയുന്നതിനുള്ള മൂന്നു നിരീക്ഷണ ഗോപുരങ്ങളും സഞ്ചാരികൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം 'വാട്ടർ സ്കെയ്പ്സിന്റെ' അടിസ്ഥാന സൗന്ദര്യവൽക്കരണവും നടത്തിയിട്ടുണ്ട്.

3. ബഡ്ജറ്റ് ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് കെ.ടി.ഡി.സി ബഡ്ജറ്റ് ഹോട്ടലുകളായ 'യാത്രിനിവാസുകളെ' നവീകരിച്ച് 'ടാമറിന്റ് ഹോട്ടലുകളായ്' പുനർ നാമകരണം ചെയ്ത് വെബ്ബ്സൈറ്റുകളിലൂടെയും ട്രാവൽ ഏജൻസികൾ മുഖേനയും വിപണനം ചെയ്യുന്നുണ്ട്. കെ.ടി.ഡി.സിയുടെ ബഡ്ജറ്റ് ഹോട്ടലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഡിസ്ക്കവർ കേരള പാക്കേജ്, പിൽഗ്രിം പാക്കേജ് എന്നീ പാക്കേജ് ടൂറുകളും നടപ്പിലാക്കിയിട്ടുണ്ട്. വികസിച്ചതും/ വികസിക്കുന്നതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും, സാധ്യതയുള്ള അവികസിത ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹോട്ടലുകൾ /റിസോർട്ടുകൾ/ ലഘുഭക്ഷണശാലകൾ/ബോട്ടിംഗ് സൗകര്യങ്ങൾ ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് നടത്തുന്നുണ്ട്.

4. കേരളത്തിലെത്തുന്ന സഞ്ചാരികളുടെ സൗകര്യാർത്ഥം കെ.ടി.ഡി.സിയുടെ തിരുവനന്തപുരത്തെയും കൊച്ചിയിലേയും ടൂറിസ്റ്റു റിസപ്ഷൻ കേന്ദ്രങ്ങൾ വഴി വിവിധ കണ്ടക്ടർ ടൂർ സർവ്വീസുകളും നടത്തുന്നുണ്ട്. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പ്രീമിയം ബഡ്ജറ്റ് ടൂർ പാക്കേജുകൾ നടത്തുന്നുണ്ട്. ഈ പാക്കേജുകൾ താമസം, രണ്ടുനേരം ഭക്ഷണം, യാത്ര, sight seeing തുടങ്ങിയവ ഉൾക്കൊള്ളിച്ചു കൊണ്ടാണ് നടത്തുന്നത്.

Section officer
Tourism (B) Dept